# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5380 — 06.07.2012-ൽ മറുപടിക്ക്

## 'താലോലം പദ്ധതി'

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.ഉബൈദുള്ള : | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) ഹീമോഫീലിയ, ലൂക്കീമിയ, തലാസീമിയ തുടങ്ങിയ മാരകരോഗങ്ങൾ ബാധിച്ചവർക്ക് 'താലോലം' പദ്ധതിയിലൂടെ ഇപ്പോൾ നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണ് ; | (എ) സംസ്ഥാനത്തെ 18 വയസ്സിനു താഴെയുള്ള ഹീമോഫീലിയ, തലാസീമിയ തുടങ്ങിയ മാരകരോഗങ്ങൾ ബാധിച്ച കുട്ടികൾക്ക് താലോലം പദ്ധതിയിലൂടെ തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളായ ആർ.സി.സി, തിരുവനന്തപുരം/ എസ്.സി.റ്റി.ഐ എം.എസ്.റ്റി തിരുവനന്തപുരം/ എസ്.എ.റ്റി ആശുപത്രി, തിരുവനന്തപുരം/ മലബാർ കാൻസർ സെന്റർ, തലശ്ശേരി/ഗവ.മെഡിക്കൽ കോളേജുകൾ/ അക്കാഡമി ഓഫ് മെഡിക്കൽ സയൻസസ് ആശുപത്രി, പരിയാരം/ സഹകരണ മെഡിക്കൽ കോളേജ്, കൊച്ചി/ താലൂക്ക് ജനറൽ ആശുപത്രി, കാസർഗോഡ് എന്നിവ മുഖേന സൗജന്യ ചികിത്സ നൽകിവരുന്നു.<br><br>ലൂക്കീമിയ ബാധിതരായ കുട്ടികൾക്ക് കാൻസർ സുരക്ഷാ പദ്ധതിയിലൂടെ സൗജന്യ ചികിത്സ ലഭ്യമാണ്. |
| (ബി) ജീവൻരക്ഷാ മരുന്നുകളുടെ വില ഇരട്ടിയിലധികം വർദ്ധിച്ച സാഹചര്യത്തിൽ താലോലം വഴി നൽകുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (ബി) നിലവിലെ സാഹചര്യങ്ങളിൽ പരിധിയിൽ വർദ്ധനവ് വരുത്താൻ സാധിക്കുകയില്ല. |
| (സി) പ്രായപരിധിയില്ലാതെ രോഗികളായ എല്ലാവർക്കും ഈ ആനുകൂല്യം വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ ; | (സി) ഹീമോഫീലിയ, ലൂക്കീമിയ, രോഗികൾക്ക് പ്രായപരിധി ഇല്ലാതെ ചികിത്സ ആനുകൂല്യം, ലോട്ടറി വകുപ്പ് മുഖേനയുള്ള കാരുണ്യ ബെനവലന്റ് സ്കീമിൽ ലഭ്യമാണ്. 18 വയസ്സ് കഴിഞ്ഞവരെ താലോലം പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

| | | | |
|---|---|---|---|
| (ഡി) | ഈ രോഗികൾക്ക് നൽകിവരുന്ന ജീവൻ രക്ഷാ മരുന്നുകൾ മെഡിക്കൽ കോളേജുകൾക്ക പുറമേ എല്ലാ ജില്ലാ-താലൂക്ക് ആശുപത്രികളിലും ലഭ്യ മാക്കുവാൻ നടപടി സ്വീകരിക്കുമോ ; | (ഡി) | ചികിത്സ നടത്തുന്ന തെരഞ്ഞെടുത്ത ആരോഗ്യകേന്ദ്ര ത്തിൽ നിന്നും മരുന്ന് നൽകുക എന്നാണ് ഉദ്ദേശിക്കുന്നത്. |
| (ഇ) | സംസ്ഥാനത്ത് നിലവിലുള്ള പ്രസ്തുത രോഗികളുടെ കണക്കെടുപ്പ് നടത്തി യിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ; | (ഇ) | ഇല്ല. |
| (എഫ്) | എങ്കിൽ അവർക്കായി ചികിത്സയ്ക്കും പുനരധിവാസത്തിനും പ്രത്യേക പാക്കേജ് തുടങ്ങുവാൻ നടപടി സ്വീകരിക്കുമോ ? | (എഫ്) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ